കമ്പനികളുടെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഒരു പുതിയ നയസമീപനത്തിന് രൂപം കൊടുക്കുന്നതിനായി വ്യവസായ-സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി, ധന-എക്സൈസ് വകുപ്പ്മന്ത്രി, കൃഷി-കയർ വകുപ്പ്മന്ത്രി, ഊർജ്ജ വകുപ്പ് മന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നിവരടങ്ങുന്ന ഒരു മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി. വഴിയാക്കാൻ നടപടി

17 [1222] ശ്രീമതി. ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര എണ്ണത്തിലെ നിയമനങ്ങളാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നടത്തുന്നത്; അവ ഏതെല്ലാം ;

(ബി) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ അതാത് സ്ഥാപനങ്ങളിലെ ബോർഡുകൾ നടത്തുന്നുണ്ട് ; വിശദമാക്കുമോ ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ വൽക്കരിക്കപ്പെടുകയോ വിറ്റഴിക്കപ്പെടുകയോ ചെയ്യുന്നപക്ഷം ജീവനക്കാരെ പരിരക്ഷിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി പിരിഞ്ഞുപോകുന്ന ജീവനക്കാർക്കുവേണ്ടി 24-6-2003-ലെ (പി) 73/2003/വ്യവ. നമ്പർ ഉത്തരവ് പ്രകാരം ഒരു സാമൂഹ്യസുരക്ഷാ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

കേരള വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡിൽ മെസഞ്ചർ തസ്തികയിലെ നിയമനം

18 [1223] ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 ജനുവരിയിൽ കേരള വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡിൽ മെസഞ്ചർ തസ്തികയിലേക്ക് കേരള പി. എസ്. സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ എത്ര പട്ടികജാതിക്കാർക്ക് നിയമനം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) മൈസഞ്ചർ തസ്തികയിൽ കോർപ്പറേഷനിൽ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഇ) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലിസ്റ്റിൽ നിന്നും 4 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ നാലു പേരിൽ ഒരാൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടതാണ്.

(ഡി) നിലവിൽ മൈസഞ്ചർ തസ്തികയിൽ ഒഴിവുകളില്ല.

(ഇ) ബാധകമല്ല.

കെൽട്രോണിൽ പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കാൻ നടപടി

19 [1224] ശ്രീമതി മാവേത്ത് സരളാദേവി :
ശ്രീ ജി. പ്രതാപവർമ്മ തമ്പാൻ :
" കെ. എ. ചന്ദ്രൻ :
" ബി. വിജയകുമാർ:
" കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ ഉൽപ്പന്നങ്ങൾ കണ്ടെത്തുന്നതിനുള്ള ഗവേഷണങ്ങൾ കെൽട്രോണിൽ നടത്തുന്നുണ്ടോ ;

(ബി) വ്യാവസായികമായും പ്രതിരോധപരമായുമുള്ള ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുവാൻ എന്തെല്ലാം ശ്രമങ്ങൾ കെൽട്രോണിൽ നടക്കുന്നുണ്ട് ;

(സി) ഏതെങ്കിലും വ്യവസായികൾക്കുവേണ്ടി പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഓഫർ കെൽട്രോണിൽ ലഭിച്ചിട്ടുണ്ടോ ;

(ഡി) പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചു നൽകാമെന്ന് കെൽട്രോൺ വ്യവസായികൾക്ക് വാഗ്ദാനം നൽകിയിട്ടുണ്ടോ ;

(ഇ) ഇപ്പോൾ കെൽട്രോണിൽ വ്യാവസായികൾക്കുവേണ്ടി എന്തെല്ലാം ഉൽപ്പന്നങ്ങളാണ് നിർമ്മിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly